# പരിസ്ഥിതിദിനാചരണം
# 5/6 / 2023

കെ.കെ .ടി .എം ഗവ.കോളേജ് മലയാളം ഡിപ്പാർട്ടുമെന്റ് വൃക്ഷത്തൈ നട്ട് പരിസ്ഥിതിദിനത്തിന്റെ ഭാഗമായി. മലയാള വിഭാഗം മേധാവി ഡോ.ജി.ഉഷാകുമാരി ടീച്ചർ വൃക്ഷ തൈ നട്ട് പരിപാടി ഉദ്ഘാടനം ചെയ്തു. മയാള വിഭാഗം അധ്യാപകനായ ഡോ. എം. രാമചന്ദ്രൻ പിള്ള സർ പരിസ്ഥിതിദിന സന്ദേശം നൽകി. മലയാള വിഭാഗത്തിലെ അധ്യാപകരും വിദ്യാർത്ഥികളും ഗവേഷകരും പരിപാടിയിൽ പങ്കെടുത്തു.








**മുഹമ്മദ് അബ്ദുറഹ്മാൻ സ്മാരക മലയാള ഗവേഷണകേന്ദ്രം കെ.കെ.ടി.എം ഗവണ്മെന്റ് കോളേജ് പുല്ലൂറ്റ് കൊടുങ്ങല്ലൂർ.**

**പ്രതിവാര സെമിനാർ**

**സിനൊപ്സിസ് അവതരണം**

**07/06/2023**

07/06/2023 ന ഉച്ചക്ക് 2 മണിക്ക് പ്രതിവാര സെമിനാർ അവതരണത്തിന്റെ രണ്ടാം സെഷനിൽ പഞ്ചമി. ബി. പി സിനൊപ്സിസ് അവതരണം നടത്തി.പ്രാദേശിക ഭാഷകളുടെ ആവിഷ്കാരവും രാഷ്ട്രീയവും തെരഞ്ഞെടുത്ത മലയാള ചലച്ചിത്രങ്ങളെ മുൻനിർത്തിയുള്ള പഠനം എന്നതായിരുന്നു




വിഷയം.

പ്രസ്തുത ഗവേഷണകേന്ദ്രത്തിലെ ഗവേഷണ മാർഗ ദർശികളും ഗവേഷണ വിദ്യാർത്ഥികളും പങ്കെടുത്ത പരിപാടി കൃത്യം രണ്ടു മണിക്ക് ആരംഭിച്ചു. ഗവേഷകയായ ഹീര ടി. എം സ്വാഗതം പറഞ്ഞു. ഗവേഷകനായ ഷിബിൻ.ബി ആയിരുന്നു പരിപാടിയുടെ മോഡറേറ്റർ..

സിനൊപ്സിസ് അവതരണത്തിനു ശേഷം

സിനൊപ്സിസിനെക്കുറിച്ച് ചർച്ച നടന്നു. ഗവേഷണകേന്ദ്രത്തിലെ മാർഗദർശിയും മലയാളം വിഭാഗം മേധാവിയുമായ ഡോ : ജി. ഉഷാകുമാരി ഗവേഷണത്തിനു വേണ്ട നിർദേശങ്ങൾ നൽകി. അഞ്ജലി മോഹൻ. എം. ആർ ഹീര. ടി. എം ഷിബിൻ. ബി എന്നിവർ അഭിപ്രായം അറിയിച്ചു. പരിപാടി മൂന്നരക്ക് അവസാനിച്ചു. ഗവേഷകയായ ഡിൽന നന്ദി അറിയിച്ചു.



സിനൊപ്സിസിന്റെ ഉള്ളടക്കം താഴെ പറയും പ്രകാരമാണ്
മാതൃഭാഷ എന്ന നിലയിൽ മലയാളത്തിന് ഒരു സമാനസ്വത്വമുണ്ടെങ്കിലും നിത്യ വ്യവഹാരങ്ങളിൽ അത് പ്രതിജനഭിന്നമായിത്തീരുന്നു. ഇതാണ് മാതൃഭാഷയിലെ ആന്തരവൈവിധ്യം. ഭാഷണത്തിൽ ഏർപ്പെടുന്നവരുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത, ജാതി, മതം, ദേശം, വർഗ്ഗം, സ്ത്രീപുരുഷഭേദം എല്ലാം ചേർന്നാണ് ഈ ആന്തരവൈവിധ്യം നിർണയിക്കുന്നത്. അതായത് ഒരേ ഭാഷ തന്നെ പല കാരണങ്ങളാൽ പലതരത്തിൽ സംസാരിക്കുന്നുണ്ട് എന്നർത്ഥം. ഈ വ്യത്യാസങ്ങൾക്ക് വ്യക്തമായ അടിസ്ഥാനമോ വ്യാകരണപരമായി നിയമങ്ങളോ പ്രസക്തിയോ ഒന്നുമില്ലെങ്കിലും താളം വേഗത ഉച്ചാരണം തുടങ്ങിയ പലതരങ്ങളിലും വ്യക്തമായ വ്യത്യാസങ്ങൾ പ്രദർശിപ്പിക്കുന്നതിന് ഇവയ്ക്ക് കഴിയാറുണ്ട്.
ഭാഷ എന്നത് എല്ലാ ഭാഷാഭേദങ്ങളുടെയും സമാഹാരമാണ്. മനുഷ്യവർഗ്ഗം എന്നത് തനതായ സവിശേഷതകളോട് കൂടിയ എല്ലാ മനുഷ്യജീവികളും ചേർന്നുള്ള സാകല്യത്തെ സൂചിപ്പിക്കുന്നതുപോലെ ഒറ്റപ്പെട്ട ഭാഷാഭേദങ്ങളുടെ സമാഹാരം എന്ന സാങ്കേതത്തെയാണ് ഭാഷ എന്നതുകൊണ്ട് കുറിക്കുന്നത്. സിനിമകൾ പൊതുവെ മാനകഭാഷ സംസാരിക്കുന്നവയാണ്. ആദ്യകാലങ്ങളിലെ തിരുവിതാംകൂർ ഭാഷ തുടർന്ന് അനുകല്പനങ്ങളിലൂടെ മാറിവരികയും പ്രാദേശിക ഭാഷകൾ സംഭാഷണങ്ങളിൽ ഇടം പിടിക്കുക മാത്രമല്ല, വിപണി പിടിച്ചെടുക്കുന്നതിനുള്ള തന്ത്രമാണോ എന്ന് കൂടി തോന്നിയേക്കാം. ഉദാ: തിങ്കളാഴ്ച നിശ്ചയം.



ജനപ്രിയസംസ്കാരത്തിന്റെ മുഖ്യമാധ്യമമാണ് സിനിമ. ഓരോ സിനിമയും സവിശേഷമായ സാമൂഹികാവസ്ഥയെയും സംസ്കാരത്തെയുമാണ് ചിത്രീകരിക്കുന്നത്. നവ സിനിമകളിൽ പ്രദേശികത ഒരു അവിഭാജ്യഘടകമാണ്. അത് ആവിഷ്കരിക്കുന്നതിനുള്ള ഉപാധിയായി അധികവും പ്രാദേശിക ഭാഷയാണ് ഉപയോഗിച്ചു കണ്ടിട്ടുള്ളത്. സമീപകാല സിനിമകളിൽ മുഴുനീള സംഭാഷണങ്ങളിലും കഥാപശ്ചാത്തലത്തിലും ഭാഷാഭേദങ്ങൾ അവതരിപ്പിക്കുന്ന പ്രവണത വർധിച്ചതായി കാണാം. സിനിമകളിൽ ആഖ്യാനം ചെയ്യപ്പെടുന്ന പ്രാദേശിക ഭാഷകളുടെ ആഖ്യാന സവിശേഷതയും അതിൻ്റെ രാഷ്ട്രീയം എത്രകണ്ട് പ്രസക്തമാണ് എന്ന പരിശോധിക്കുകയുമാണ് ഈ പ്രബന്ധത്തിലൂടെ.

## പ്രതിവാര സെമിനാർ - റിപ്പോർട്ട്

## 08/06/2023

മുഹമ്മദ് അബ്ദുറഹ്മാൻ സ്മാരക മലയാളഗവേഷണകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 08/06/2023 ന് നടന്ന പ്രതിവാര സെമിനാർ രാവിലെ 11 ന് ആരംഭിച്ചു. ഡോ. കെ.എ ജെൻസിയുടെ മാർഗനിർദ്ദേശകത്വത്തിൽ ഗവേഷണമാരംഭിച്ച പി.ദിൽന 'ലിംഗപദവിയും ലിംഗ വിവേചനവും: 2010 ന് ശേഷമുള്ള തെരഞ്ഞെടുത്ത മലയാളപത്രങ്ങളെ മുൻനിർത്തിയുള്ള പഠനം' എന്ന തന്റെ ഗവേഷണ വിഷയത്തിന്റെ സിനോപ്സിസ് അവതരിപ്പിച്ചു. പത്രവാർത്തകൾ ലിംഗപദവിയെ ഏത് തരത്തിൽ കൈകാര്യം ചെയ്യുന്നു എന്ന് മലയാള പത്രങ്ങളെ മുൻനിർത്തി വിമർശനാത്മകമായും അപഗ്രഥനാത്മകമായും വിശകലനം ചെയ്ത് അവയുടെ ഭാഷയുടെയും പ്രയോഗങ്ങളുടെയും അടിസ്ഥാനത്തിൽ സൂക്ഷ്മമായി നിരീക്ഷിക്കുകയാണ് തന്റെ ഗവേഷണ രീതിയെന്ന് ദിൽന വിശദമാക്കി. സിനോപ്സിസ് അവതരണത്തിനു ശേഷം നടന്ന ചർച്ചയിൽ അധ്യാപകരും ഗവേഷകരും മറ്റു വിദ്യാർത്ഥികളും പങ്കെടുത്തു. വാർത്തകളെ സംബന്ധിച്ചുള്ള അസ്ഥിരത, പത്രഭാഷ, ജൻഡർ സ്പെസിഫിസിറ്റി, ജൻഡർ ന്യൂട്രാലിറ്റി തുടങ്ങിയ വിഷയങ്ങളെകുറിച്ച് മലയാളവകുപ്പ് മേധാവി ഡോ.ജി.ഉഷാകുമാരി ആധികാരികമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പങ്കുവെച്ചു. വിഷയത്തിന്റെ തലക്കെട്ടുമായി ബന്ധപ്പെട്ട സംശയങ്ങളും ചർച്ചയിൽ ഉയർന്നുവന്നു. ഗവേഷക എം.ആർ അഞ്ജലി മോഹൻ അധ്യക്ഷത വഹിച്ച സെമിനാറിൽ ഗവേഷകരായ ഫെൽ ബിൻആന്റണിയും ടി.എം ഹീരയും യഥാക്രമം സ്വാഗതവും നന്ദിയും പറഞ്ഞു.

അധ്യാപകരും ഗവേഷകരും ഉൾപ്പടെ 20 ഓളം പേർ പങ്കെടുത്ത സെമിനാർ 1 മണിയോടെ അവസാനിച്ചു.







# പ്രതിവാര സെമിനാർ - റിപ്പോർട്ട്
# 15/06/2023

മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് സ്മാരക മലയാളഗവേഷണകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 15/06/2023 ന് നടന്ന പ്രതിവാര സെമിനാർ രാവിലെ 11 ന് ആരംഭിച്ചു. ഡോ മുഹമ്മദ് ബഷീർ കെ. കെ.യുടെ മാർഗനിർദ്ദേശകത്വത്തിൽ ഗവേഷണമാരംഭിച്ച ഷൈമ കെ. എസ്. രോഗാനുഭവ ആവിഷ്കാരങ്ങൾ മലയാള ആത്മകഥയിൽ എന്ന തന്റെ ഗവേഷണ വിഷയത്തിന്റെ സിനോപ്സിസ് അവതരിപ്പിച്ചു. രോഗം വ്യക്തികളുടെ മാനസികാവസ്ഥയിൽ വളരെയധികം മാറ്റങ്ങൾ വരുത്തുന്നു. രോഗാവസ്ഥയിൽ അവർക്കുണ്ടാകുന്ന ഓരോ വ്യക്തിഗതാനുഭവങ്ങളും അവരിൽ ചില 'തിരിച്ചറിവുകൾ' ഉണ്ടാക്കുന്നു. ഈ തിരിച്ചറിവുകളെ രോഗാനുഭവങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് എഴുതിയ ആത്മകഥകളെ അടിസ്ഥാനപ്പെടുത്തി പഠിക്കുകയാണ് ഈ പ്രബന്ധത്തിലൂടെ ലക്ഷ്യം വയ്ക്കുന്നതെന്ന് ഷൈമ വിശദമാക്കി. സിനോപ്സിസ് അവതരണത്തിനു ശേഷം നടന്ന ചർച്ചയിൽ അധ്യാപകരും ഗവേഷകരും മറ്റു വിദ്യാർത്ഥികളും പങ്കെടുത്തു. മലയാളവകുപ്പ് മേധാവി ഡോ. ജി. ഉഷാകുമാരി ആധികാരികമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പങ്കുവെച്ചു. ഗവേഷണ പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ കുറിച്ച് ഡോ മുഹമ്മദ് ബഷീർ കെ. കെ, ഡോ. യാക്കോബ് തോമസ് എന്നിവർ നിർദ്ദേശങ്ങൾ നൽകി. ഗവേഷകനായ ഫെൽബിൻ ആന്റണി അധ്യക്ഷത വഹിച്ച സെമിനാറിൽ ഗവേഷകരായ അംബിക കെ.കെ., സ്വാലിഹ പി.എ. യഥാക്രമം സ്വാഗതവും നന്ദിയും പറഞ്ഞു. അധ്യാപകരും ഗവേഷകരും ഉൾപ്പടെ 10 ഓളം പേർ പങ്കെടുത്ത സെമിനാർ 1 മണിയോടെ അവസാനിച്ചു.








# വായനവാരം ഉദ്ഘാടനം - റിപ്പോർട്ട്

## 19/06/2023

പുല്ലൂറ്റ് കെ.കെ.ടി.എം.ഗവ.കോളേജ് മലയാളവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 19/06/2023 ന് നടന്ന വായനവാരം ഉദ്ഘാടനം ചാലക്കുടി പി.എം.ജി കോളേജ് അസി.പ്രൊഫസർ(മലയാളം) ഡോ. കൃഷ്ണ അരവിന്ദ് നിർവഹിച്ചു. വായന ജനാധിപത്യപരമായ ഒരു പ്രക്രിയയാണ്. ഗ്രന്ഥശാലയിൽ നിന്നും വായനശാലയിലേക്കുള്ള മാറ്റം ഇത് വ്യക്തമാക്കുന്നു. അത് ചരിത്രപരമായ ഒരു മാറ്റം കൂടിയാണ്.

എന്നാൽ ചരിത്രത്തിൽ സ്ത്രീകളുടെ വായനയെയും എഴുത്തിനെയും കുറിച്ചുള്ള രേഖപ്പെടുത്തലുകൾ വളരെ കുറവാണ്. ചരിത്രത്തിൽ നിന്നും മറയ്ക്കപ്പെട്ടിരിക്കുന്ന സ്ത്രീകളെ കണ്ടെത്തുകയും അവരുടെ പ്രാതിനിധ്യത്തെ അടയാളപ്പെടുത്തുകയുമാണ് ചരിത്രത്തിന്റെ അപനിർമാണത്തിലൂടെ ഇപ്പോൾ നാം ചെയ്യുന്നതെന്ന് കൃഷ്ണ അരവിന്ദ് പറഞ്ഞു. ഒന്നാംവർഷ ബി എ മലയാളം വിദ്യാർത്ഥി കൈലാസനാഥ് മൂന്നാം വർഷ ബി എ മലയാളം വിദ്യാർത്ഥിനി

നന്ദന ഭാസ്കരൻ എന്നിവർ കവിത ആലപിച്ചു. കെ.കെ.ടി.എം. ഗവ.കോളേജ് പ്രിൻസിപ്പാൾ ഡോ. ഇ.എം ഷാജിയുടെ അദ്ധ്യക്ഷതയിൽ നടന്ന പരിപാടിയിൽ മലയാളവിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. പി.ഡി. ധന്യ സ്വാഗതവും ഗവേഷക പി.എ സ്വാലിഹ നന്ദിയും പറഞ്ഞു. അധ്യാപകരും ഗവേഷകരും ഉൾപ്പടെ 70 ഓളം പേർ വായനവാരത്തിന്റെ ആദ്യദിനത്തിൽ പങ്കെടുത്തു. ഗൂഗിൾമീറ്റ് വേദിയായി വൈകീട്ട് 7.30 ന് ആരംഭിച്ച പരിപാടി 8.45 ന് അവസാനിച്ചു.


gvb-epop-p...
gvb-epop-pgb
krishna
Haleel
SHAJI
Shyma.k.s
You
63 others
People
Information
Activities
ANJALI MOHAN (You)
Haleel Rahman
Meeting host
Adhith kp
Aishwarya R
AKSHAYA K S
Anaina Sudheer
Anitta M F
ANJANALAKSHMI ...
Anu VS
Aparna P A
Ardhra V.L
Asrith P.u
Aswathi K
Athira P P

## മുഹമ്മദ് അബ്ദുറഹ്മാൻ സ്മാരക മലയാള ഗവേഷണകേന്ദ്രം
## കെ.കെ.ടി.എം ഗവൺമെന്റ് കോളേജ് പുല്ലൂറ്റ് കൊടുങ്ങല്ലൂർ.
## പ്രതിവാര സെമിനാർ

## 23/06/2023

23/06/2023 ന ഉച്ചക്ക് 2 മണിക്ക് മുഹമ്മദ് അബ്ദുറഹ്മാൻ സ്മാരക മലയാള ഗവേഷണകേന്ദ്രത്തിന്റെ നാലാമത്തെ പ്രതിവാര സെമിനാർ അവതരണം നടന്നു. ഗവേഷകയായ സ്വാലിഹ പി.എ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ഗവേഷക ഹീര ടി.എം മോഡറേറ്ററായ സെമിനാറിൽ അഞ്ജലി മോഹൻ എം ആർ പ്രബന്ധാവതരണം നടത്തി. ഡിസബിലിറ്റിയും ഇസ്ലാമിക സങ്കൽപനവും : ഖുർ–ആൻ മുൻനിർത്തിയുള്ള പഠനം




എന്നതായിരുന്നു വിഷയം.

പ്രസ്തുത ഗവേഷണകേന്ദ്രത്തിലെ ഗവേഷണ മാർഗദർശികളും ഗവേഷണ വിദ്യാർത്ഥികളും പങ്കെടുത്ത പരിപാടി കൃത്യം രണ്ടു മണിക്ക് ആരംഭിച്ചു.




ഇസ്ലാം എന്നത് ഏകശിലാത്മകമായ പ്രത്യയശാസ്ത്രമല്ല. അതിന് നിരവധി അടരുകളുണ്ട്. മനുഷ്യനെ വ്യത്യസ്തമായി സൃഷ്ടിച്ചിരിക്കുന്നു എന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്. നിറത്തിലും മാനസികാവസ്ഥയിലും കഴിവുകളിലും നമ്മൾ ഒരുപോലെയല്ലെന്നും, അതിനാൽ പരസ്പരം സഹകരിക്കുകയും പഠിക്കുകയും വേണമെന്ന് ഇസ്ലാം പറയുന്നു. ഡിസബിലിറ്റി എന്ന വിഷയത്തെ വളരെ പ്രാധാന്യത്തോടെ സമീപിക്കുകയും അതുമായി ബന്ധപ്പെട്ട നിരവധി ചർച്ചകൾക്കും മാർഗനിർദേശങ്ങൾക്കും ഇടം നൽകുന്നതുമായ സമീപനമാണ് ഇസ്ലാമിന്റേത്. ചലന പരിമിതി (Locomotor disability ), കുഷ്ഠരോഗ വിമുക്തർ (Leprosy cured), മസ്തിഷ്ക തളർവാതം (Cerebral Palsy), ഉയരമില്ലായ്മ (Dwarfism), പേശീ ക്ഷയം (Muscular dystrophy), ആസിഡ് അക്രമ ഇരകൾ (Acid attack victims), കാഴ്ച്ച പരിമിതി (Blindness), കാഴ്ച കുറവ് (Long vision), കേൾവി കുറവ് (Hearing impairment), സംസാര ശേഷി കുറവ് (Aphaxia ) , പഠന വെല്ലുവിളി നേരിടുന്നവർ (Specific learning disability), സംസാര, ഭാഷ ന്യൂനത (Speech and Language disability), ഓട്ടിസം (Autism spectrum disarder). മാനസീക രോഗം( Mental illness),മൾട്ടിപ്പ്ൾ സ്ക്ലിറോസിസ്, പാർക്കിൻസൺസ്, ഹീമോഫീലിയ, തലാസീമിയ, സിക്കിൾസ് അനീമിയ, ബഹ്ഹുമുഖ വെല്ലുവിളികൾ(Multiple disability) തുടങ്ങിയ അവസ്ഥകളിലൂടെ കടന്നുപോകുന്നവരാണ് ഡിസേബിൾഡ് സമൂഹത്തിൽ ഉൾപ്പെടുന്നത്. വ്യക്തിയുടെ ആത്മീയവിഷ്കാരമെന്ന നിലയിൽ ‘ ഇസ്ലാം’ എപ്രകാരമാണ് ഡിസബിലിറ്റി

സമൂഹത്തിൽ ഇടപെട്ടിരിക്കുന്നതെന്ന് ഖുർആൻ പരിശോധിച്ചു കൊണ്ട് വിശദമാക്കാനാണ്



അഞ്ജലി പ്രബന്ധാവതരണത്തിലൂടെ ശ്രമിച്ചത്.

പ്രബന്ധാവതരണത്തിനു ശേഷം ചർച്ച നടന്നു. ഗവേഷണകേന്ദ്രത്തിലെ മാർഗദർശിയും മലയാളം വിഭാഗം മേധാവിയുമായ ഡോ : ജി. ഉഷാകുമാരി ഗവേഷണത്തിനു വേണ്ട നിർദേശങ്ങൾ നൽകി. ഖുർആനിലെ ആശയ സങ്കൽപനങ്ങളെ മാത്രം എടുത്തു കൊണ്ട് വിശദീകരണം നടത്തിയത് കൊണ്ടുണ്ടായ പോരായ്മകൾ പരിഹരിച്ച് ഖുർആനിലെ ആശയ സങ്കൽപനത്തിനും അപ്പുറത്ത് ആവശ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ സൈദ്ധാന്തികമായി വിഷയത്തെ കാണുകയും കൂടുതൽ വിപുലമാക്കുകയും ചെയ്യണമെന്നുള്ള വാദമാണ് എല്ലാവരും മുന്നോട്ട് വച്ചത്. അധ്യാപകരായ ഡോ.മുഹമ്മദ് ബഷീർ കെ കെ, ഡോ.യാക്കോബ് തോമസ്, എന്നിവർ അഭിപ്രായങ്ങൾ രേഖപ്പെടുത്തി. ഗവേഷകനായ ഫെൽബിൻ ആൻറണി, ഗവേഷക അംബിക കെ കെ , ഗവേഷക സ്വാലിഹ പി എ , ഗവേഷക ഹീര ടി എം എന്നിവർ ചർച്ചയിൽ പങ്കെടുത്തു. പരിപാടി മൂന്നരക്ക് അവസാനിച്ചു. ഗവേഷകയായ അംബിക കെ കെ നന്ദി അറിയിച്ചു.

# ബഷീർദിനവും അനുമോദനവും

## 14-07-2023

ബഷീർ ദിനാചരണവും പിഎസ്സിയുടെ മലയാളം അസിസ്റ്റന്റ് പ്രൊഫസർ പരീക്ഷ, മലയാളം ഹൈസ്കൂൾ ടീച്ചർ പരീക്ഷ എന്നിവയിൽ റാങ്ക് ലഭിച്ചവർക്കുള്ള അനുമോദനവും 14-07-2023 ഉച്ചയ്ക്ക് 1: 20 ന് മലയാളം ക്ലാസിൽ വച്ച് നടന്നു.സ്വാഗത പ്രസംഗം മലയാളവിഭാഗം അധ്യക്ഷ ഡോ: ജി. ഉഷ കുമാരി നിർവഹിച്ചു. സ്വാഗത പ്രസംഗത്തിൽ മുൻ വർഷ ബഷീർ അനുസ്മരണ പരിപാടികളെ കുറിച്ച് ഓർമിച്ചു. റാങ്ക് ജേതാക്കളോടൊപ്പം യുജിസി നെറ്റ് പരീക്ഷ പാസായ വിദ്യാർത്ഥികൾക്കും സ്വാഗത പ്രസംഗത്തിൽ ആശംസ അറിയിച്ചു. പരിപാടിയുടെ അധ്യക്ഷ സ്ഥാനം കെ കെ ടി എം ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാൾ ഡോ: ഇ. എം. ഷാജി നിർവഹിച്ചു. അധ്യക്ഷ പ്രസംഗത്തിൽ മലയാളവിഭാഗത്തിന്റെ അടിക്കടി ഉയരുന്ന മികവിനെക്കുറിച്ചും ബഷീർ കൃതികളെക്കുറിച്ചും പരാമർശിച്ചു. പി എസ് സി മലയാളം അസിസ്റ്റന്റ് പ്രൊഫസർ പരീക്ഷയിൽ പൂർവ്വ വിദ്യാർത്ഥികളായ ഒന്നാം റാങ്ക് നേടിയ എം. എസ്. പ്രിയദർശിനി എട്ടാം റാങ്ക് നേടിയ ആര്യ. കെ , മലയാളം ഹൈസ്കൂൾ ടീച്ചർ പരീക്ഷയിൽ നാലാം റാങ്ക് നേടിയ ഗവേഷകയായ സൗമ്യ മോഹൻ, ഏഴാം റാങ്ക് നേടിയ ഷൈമ. കെ.എസ് എന്നിവർ പ്രിൻസിപ്പാളിൽ നിന്നും സമ്മാനം ഏറ്റുവാങ്ങി. 2.00 മണിയോടെ ദളിത് ആക്ടിവിസ്റ്റും, കാലടി യൂണിവേഴ്സിറ്റി മലയാളവിഭാഗം ഗവേഷകയുമായ പി. എസ്. ശ്രീദേവി ബഷീർ അനുസ്മരണ പ്രഭാഷണം നടത്തി.

പ്രഭാഷണത്തിലെ പ്രധാനപ്പെട്ട ചിലത് :

സാഹിത്യം എന്ന വ്യവഹാരത്തെ ബഷീർ ഉപയോഗിക്കുന്നത് എങ്ങനെയെന്ന് ബഷീർ കൃതികളിലൂടെ വ്യക്തമാക്കി.

പാത്തുമ്മയുടെ ആട്, തങ്കം ,മതിലുകൾ, ബാല്യകാലസഖി തുടങ്ങിയ കൃതികളുടെ പരാമർശം.


ബഷീർ കഥകളിലെ കറുപ്പിന്റെ ആവിഷ്കാരം.

മലയാള സാഹിത്യത്തിൽ ചിത്രീകരിക്കുന്ന വേലക്കാരികൾ.

തുടങ്ങി ബഷീർ കൃതികളുടെ വിമർശനത്തിലൂടെയാണ് പ്രഭാഷണം നടത്തിയത്.

2:45 ന് ചർച്ച ആരംഭിച്ചു. ചർച്ചയിൽ ആര്യ കെ മലയാളവിഭാഗം ഗവേഷകൻ ഷിബിൻ എന്നിവർ പങ്കെടുത്തു. തുടർന്ന് മറുപടി.3.00 മണിയ്ക്ക് അനുമോദനത്തിന് അർഹരായ ജേതാക്കൾ സംസാരിച്ചു. പരിപാടിയുടെ നന്ദി പ്രകാശനം ഗവേഷക വിദ്യാർഥിനി ഹീര. ടി. എം.നിർവഹിച്ചു

3:40 ഓടുകൂടി ' ബഷീർ ദിനവും അനുമോദനവും' എന്ന പരിപാടി അവസാനിച്ചു.



14.
07.
2023
വെള്ളി 1 മണി
പി. എസ്. ശ്രീദേവി
ബഷീർദിനവും
അനുമോദനവും
മലയാളവിഭാഗം, കെ. കെ. ടി. എം. ഗവ. കോളേജ്, പുല്ലൂറ്റ്







## കെ.കെ.ടി.എം. ഗവ.കോളേജ് അബ്ദുറഹ്മാൻ സാഹിബ് സ്മാരക മലയാള ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 20/07/2023 രാവിലെ 10.30 AM ന് നടന്ന പ്രതിവാര സെമിനാറിന്റെ റിപ്പോർട്ട്.
## 20/07/2023




കെ.കെ.ടി.എം. ഗവ.കോളേജ് മലയാളവിഭാഗം ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 20/07/2023 രാവിലെ
10.30 AM ന് മോഡറേറ്റർ സ്വാലിഹ.പി എ
(ഗവേഷക) യുടെ അധ്യക്ഷതയിൽ സെമിനാർ ആരംഭിച്ചു. ഗവേഷക ഹീര ടി.എം സെമിനാറിന് സ്വാഗതം പറഞ്ഞു.
'സക്കറിയയുടെ ജന്തുകഥകളിലെ അപരനിർമ്മിതി' എന്ന വിഷയത്തിൽ ഗവേഷകൻ കൃഷ്ണൻ പി.സി തന്റെ ഗവേഷണ രൂപരേഖയാണ്  പ്രബന്ധമായി അവതരിപ്പിച്ചത്.



കാലത്തെ അതിവർത്തിക്കുമെന്ന ധാരണയിൽ നിന്നുണ്ടായ ദാർശനികബോധമായിരുന്നു മലയാള ചെറുകഥയുടെ ശക്തിയും ദൗർബല്യവും. എഴുത്തുകാരുടെ കണ്ണിലൂടെ ലോകത്തെ കാണാൻ പ്രേരിപ്പിക്കുന്ന ആത്മങ്ങളുടെ ആഖ്യാനവഴികളായിരുന്നു അത്. പുതിയ കാലത്തെ സംബോധന ചെയ്യുന്ന വൈവിധ്യമാർന്ന പ്രമേയങ്ങളും നവമായ ആഖ്യാനതന്ത്രങ്ങളും സ്വീകരിച്ച് ചെറുകഥ കൂടുതൽ ശക്തിയാർജിച്ചു. തുടർന്ന് വർണവ്യവസ്ഥ പുറത്തുനിർത്തിയ ബഹുഭൂരിപക്ഷം ജനതയുടെ സ്വത്വം പൊതുസാമൂഹിക ബോധമായി രൂപപ്പെട്ടിട്ടുണ്ട്. യഥാർത്ഥ സ്വത്വത്തിൽ നിന്ന് ആരോപിതസ്വത്വത്തിലേക്ക് അവ വഴിമാറുന്നു. ഇവിടെ സ്വത്വം പ്രതീകാത്മകമാണ്. ആത്മത്തെ വെടിഞ്ഞ് അപരത്തെ നിലനിർത്തുന്നു. അപരമായ ഒന്നിന് വിചാരങ്ങൾ ബഹുഭൂരിപക്ഷത്തിന്റെ വ്യാഖ്യാനങ്ങൾ നൽകുന്നു. നിശബ്ദമാകുന്ന ആത്മം അപരത്തിനു കീഴടങ്ങുകയും ചെയ്യുന്നു. ആദ്യഘട്ടങ്ങളിൽ ഉണ്ടാകുന്ന സംഘർഷങ്ങൾ ഒഴിഞ്ഞ് ആത്മം അപരമായി മാറുന്നു. ഇത്തരം സംഘർഷങ്ങളെ സക്കറിയയുടെ മൃഗപക്ഷിപ്രാണിഉഭയജീവി കഥകളിൽ ആരോപിച്ച് വിശദപഠനത്തിന് വിധേയമാക്കുകയാണ് ഈ പ്രബന്ധം.

പ്രബന്ധാവതരണത്തിനുശേഷം മോഡറേറ്ററായ സ്വാലിഹ പി.എ യുടെ നേതൃത്വത്തിൽ ചർച്ച ആരംഭിച്ചു. മികച്ച പ്രബന്ധാവതരണമാണ് എന്ന അഭിപ്രായമാണ് ചർച്ചയിൽ പൊതുവായി ഉയർന്നുവന്നത്. ഗവേഷകയായ അഞ്ജലി മോഹൻ കുറച്ചു കൂടി സമകാലികമായി ഈ വിഷയത്തെ നോക്കി കാണേണ്ടതില്ലേ ? എന്നും, ഗവേഷക പഞ്ചമി സ്വത്വസംഘർഷം ഈ വിഷയവുമായി എങ്ങനെ ബന്ധപ്പെട്ട് കിടക്കുന്നു ?എന്നുമുള്ള ചോദ്യങ്ങൾ ഉന്നയിച്ചു. മാതൃകാപരമായ ഭാഷാവതരണ രീതിയിലായിരുന്നു പ്രബന്ധാവതരണം എന്ന് അഭിപ്രായപ്പെട്ട ഗവേഷകൻ ഫെൽബിൻ ആന്റണി സമകാലീന ജീവിതവും ഈ ആഖ്യാനവും തമ്മിലുള്ള സാധ്യതകളെക്കുറിച്ചും സയൻസിലെ വിവിധ ശാഖകളെ  ഈ പഠനത്തിന്റെ ഭാഗമാക്കുന്നതിനെ കുറിച്ചുമുള്ള തന്റെ അഭിപ്രായങ്ങൾ പങ്കുവെച്ചു. അധ്യാപകനായ ഡോ.മുഹമ്മദ് ബഷീർ സാർ അപരവും സ്വത്വവും തമ്മിലുള്ള സംഘർഷം വൈരുദ്ധ്യം അപരം തന്നെയാണോ സ്വത്വത്തിൽ പ്രതിഫലിക്കുന്നത് അതിനെ ഗവേഷകൻ നോക്കിക്കാണുന്ന രീതി എന്നിവയെക്കുറിച്ച ചോദ്യങ്ങൾ ഉന്നയിച്ചു. അധ്യാപികയായ ഡോ.ജി.ഉഷാകുമാരി ഈ പഠനത്തിൽ ഉൾച്ചേർക്കാവുന്നതായ കാര്യങ്ങളെ കുറിച്ചാണ് പറഞ്ഞത്. ഫിലോസഫി, സ്വത്വപഠനം, സാഹിത്യവിശകലനം എന്നീ മേഖലകളിൽ ഈ വിഷയത്തിന്റെ ഭാഗമാണെന്നും, സ്വത്വത്തെ കുറിച്ചുള്ള പാഠങ്ങൾ വ്യവഹാരപരമാകണമെന്നും, കാമനകളെ ഇതിനോട് കൂട്ടിച്ചേർക്കണമെന്നും ടീച്ചർ പറഞ്ഞു. അധ്യാപകനായ ഡോ. യാക്കോസ് തോമസ് സങ്കല്പനം വ്യക്തമാക്കണമെന്നും, മലയാളത്തിലെ സ്വത്വത്തെ കുറിച്ചുള്ള ചർച്ചകൾ ക്രോഡീകരിക്കണമെന്നും അഭിപ്രായപ്പെട്ടു.

തുടർന്ന് കൃഷ്ണൻ പി.സി ചോദ്യങ്ങൾക്ക് മറുപടി പറയുകയും മോഡറേറ്റർ പ്രബന്ധത്തിലെ പോരായ്മകൾ പരിഹരിച്ച് ലക്ഷ്യപ്രാധാന്യത്തോടെ അത് തിരുത്തേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ഓർമിപ്പിക്കുകയും ചെയ്തു. 12.30 ന് ഗവേഷകനായ ഫെൽബിൻ ആന്റണി നന്ദി പറഞ്ഞു കൊണ്ട് സെമിനാർ അവസാനിപ്പിച്ചു.

# അഡ്മിഷൻ റിപ്പോർട്ട് 2023 – 24

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഒന്നാംവർഷ ബി. എ . മലയാളം അഡ്മിഷൻ 4.7 .2023 ന് ആരംഭിച്ചു. 5. 10. 2023 ന് യു.ജി അഡ്മിഷൻ അവസാനിച്ചു. മലയാളവിഭാഗത്തിൽ മൊത്തം 42 കുട്ടികൾ അഡ്മിഷൻ എടുത്തു. 2023 24 അധ്യയനവർഷത്തെ പി.ജി അഡ്മിഷൻ 31.7.2023 ന് ആരംഭിച്ചു. 29 .9 2023 പി. ജി അഡ്മിഷൻ അവസാനിച്ചു. മൊത്തം 17 കുട്ടികൾ പി .ജി വിഭാഗത്തിൽ അഡ്മിഷൻ എടുത്തു.

# കേരളപ്പിറവിദിന പരിപാടിയുടെ റിപ്പോർട്ട്
# 3.11.2023

കെ.കെ.ടി.എം. ഗവൺമെൻറ് കോളേജ്  മലയാളവിഭാഗത്തിന്റെ നേതൃത്വത്തിൽ 2023 നവംബർ മൂന്നാം തീയതി കേരളപ്പിറവിദിന പരിപാടികൾ സംഘടിപ്പിച്ചു. രാവിലെ 10 മണിക്ക് ആരംഭിച്ച ഫ്ലാഷ് മോബോടുകൂടിയാണ് പരിപാടിയുടെ തുടക്കം. തുടർന്ന് പത്തരയോടെ കൂടി മൂന്നാം വർഷ ക്ലാസ് റൂമിലെ ചിത്രശാലയിൽ വെച്ച് പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം നടന്നു.  പ്രഭാഷകയും അധ്യാപികയും സാംസ്കാരികപ്രവർത്തകയുമായ ഡോ. പി. കെ . കുശലകുമാരി ഉദ്ഘാടനം നിർവഹിച്ചു.  മലയാളവിഭാഗം മേധാവി ഡോ. ജി. ഉഷാകുമാരി സ്വാഗതവും കെ.കെ.ടി.എം. ഗവ. കോളേജ് പ്രിൻസിപ്പാൾ ഡോ. ബിന്ദു ശർമിള ടി. കെ. അധ്യക്ഷ പ്രസംഗവും നിർവഹിച്ചു. ഉദ്ഘാടനത്തെ തുടർന്ന് ഡോ. പി. കെ. കുശലകുമാരി വള്ളത്തോളിന്റെ കവിതയിലെ ഏതാനും വരികൾ ഉദ്ധരിച്ചുകൊണ്ട് കേരളത്തെ കുറിച്ചുള്ള തൻ്റെ പ്രഭാഷണത്തിലേക്ക് കടന്നു. തുടർന്ന് മലയാളവിഭാഗത്തിലെ വിദ്യാർത്ഥികളുടെ കവിതാലാപനം നടന്നു. ഐ.ക്യു. എ. സി. പ്രതിനിധിയായി പ്രതിനിധി പ്രതിനിധിയും സുവോളജി വിഭാഗം അധ്യാപികയുമായ സീമമേനോൻ പരിപാടിക്ക് ആശംസകൾ അറിയിച്ച സംസാരിച്ചു. കേരളപ്പിറവി ദിനാചരണത്തിന്റെ കോ-ഓർഡിനേറ്റർ ഡോ.മുനീർ എസ് ആശംസ അറിയിച്ചു. മലയാളവിഭാഗം ഗവേഷകയായ സ്വാലിഹ പി.എ. നന്ദി പറഞ്ഞു കൊണ്ട് പ്രഭാഷണ പരിപാടി അവസാനിച്ചു. കേരളപ്പിറവി ദിനത്തോട് അനുബന്ധിച്ച് കേരളചരിത്രത്തെ സംബന്ധിച്ചുള്ള ചലച്ചിത്രപ്രദർശനവും ആനുകാലികങ്ങളുടെ പ്രദർശനവും മലയാളം ബ്ലോക്കിൽ വച്ച് നടത്തി.  കെ. കെ. ടി. എം. ഗവൺമെൻറ് കോളേജിലെ  അധ്യാപകരും അനദ്ധ്യാപകരും വിദ്യാർത്ഥികളും ഗവേഷകരും  പരിപാടിയിൽ പങ്കെടുത്തു.




GPS Map Camera


GPS Map Camera
Pullut, Kerala, India


GPS Map Camera
Thrissur, Kerala, India



# സെമിനാർ റിപ്പോർട്ട്
# 27, 28, 29 നവംബർ 2023

വേദി : സെമിനാർ ഹാൾ , ഓഡിറ്റോറിയം , ഓഡിയോ വിഷ്വൽ റൂം.

27.11.2023 (തിങ്കൾ ) ന് ശില്പശാലയുടെ ഉദ്ഘാടനസമ്മേളനം 9:15 സെമിനാർ കോർഡിനേറ്റർ ഡോ.സംഗീത കെ. സ്വാഗതം പറയുകയും മലയാളവിഭാഗം മേധാവി ഡോ. ജി. ഉഷാകുമാരി അധ്യക്ഷത നിർവഹിക്കുകയും ചെയ്തു. ശേഷം പ്രിൻസിപ്പാൾ ഡോ. ബിന്ദു ശർമ്മിള ടി.കെ. ശില്പശാലയുടെ ഉദ്ഘാടനം നിർവഹിച്ചു. ഐ.ക്യു.എസ്.സി കോർഡിനേറ്റർ ലൗലി ജോർജ് ആശംസകൾ അറിയിക്കുകയും സെമിനാർ കോ–ഓർഡിനേറ്റർ ഡോ. ഫൗസിയ പി.എ. നന്ദി പറയുകയും ചെയ്തു. മാതൃഭൂമി ഓൺലൈൻ സെക്ഷനിലെ സീനിയർ കൺസൾട്ടന്റ് ശ്രീ.സുനിൽ പ്രഭാകർ ശില്പശാലയ്ക്ക് നേതൃത്വം കൊടുത്തു. രാവിലെ 9.30 മുതൽ വൈകീട്ട് 5 മണി വരെയുള്ള 4 സെഷൻ ആയാണ് ശില്പശാല നടന്നത്.

28/11/2023 ചൊവ്വാഴ്ച്ച നടന്ന ത്രിദിന ദേശീയ സെമിനാറിന്റെ രണ്ടാം ദിവസം സെമിനാറിന്റെ രജിസ്ട്രേഷൻ രാവിലെ 9:00 മുതൽ 9:30 വരെ നടന്നു. തുടർന്ന്9 :30 മുതൽ സെമിനാറിന്റെ ഉദ്ഘാടന സമ്മേളനം ആരംഭിച്ചു. മലയാളവിഭാഗം മേധാവി ഡോ. ജി. ഉഷാകുമാരി സ്വാഗതം പറഞ്ഞു. തുടർന്ന് കോളേജ് പ്രിൻസിപ്പാൾ ഡോ.ബിന്ദു ശർമിള ടി.കെ. അധ്യക്ഷത നിർവഹിച്ചു. EMMRC ഡയറക്ടർ ശ്രീ. ദാമോദർ പ്രസാദ് ഉദ്ഘാടന പ്രസംഗം നടത്തി.ഐ.ക്യു.എ.സി. കോഡിനേറ്റർ ലൗലി ജോർജ് ആശംസകൾ അറിയിച്ചു. സെമിനാർ കോർഡിനേറ്റർ ഡോ. സംഗീത കെ. സെമിനാർ സങ്കല്പനത്തെ കുറിച്ച് സംസാരിച്ചു. ഡോ.മുഹമ്മദ് ബഷീർ കെ.കെ. നന്ദി പറഞ്ഞു. 10:45 ഓട്ടുകൂടി ഒന്നാമത്തെ സെഷൻ ആരംഭിച്ചു. ചാലക്കുടി ഗവൺമെൻറ് കോളേജ് മലയാളം വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ ഡോ.ജയകുമാർ എസ്. എസ്. മോഡറേറ്റർ ആയ സെഷനിൽ ശ്രീ ദാമോദർ പ്രസാദ് ഡി. സർഗ്ഗാത്മകത : ഒരു യാന്ത്രിക വിചാരം എന്ന വിഷയത്തെ ആസ്പദമാക്കി പ്രബന്ധാവതരണം നടത്തി. തുടർന്ന് ഉച്ചയ്ക്ക് 1: 30 മുതൽ രണ്ടാമത്തെ സെഷൻ ഡോ: ധന്യ പി.ഡി. മോഡറേറ്റ് ചെയ്തു. കാസർഗോഡ് ഗവ.കോളേജ് ഫിസിക്സ് വിഭാഗം മേധാവി ഡോ.ജിജോ പി. ഉലഹന്നാൻ നിർമ്മിത ബുദ്ധി : സാങ്കേതികതയുടെ ചരിത്രം എന്ന വിഷയത്തെ ആസ്പദമാക്കി പ്രബന്ധം അവതരിപ്പിച്ചു. 3 15 ന് ഡോ. സുനിൽ തോമസ് ടി. നിർമ്മിത ബുദ്ധി: സാങ്കേതികവിദ്യ ചാറ്റ് ജി.പി.ടി. വരെ എന്ന വിഷയത്തെ മുൻനിർത്തി പ്രബന്ധാവതരണം നടത്തി. പ്രൊജക്ടർ ഉപയോഗിച്ചു കൊണ്ടുള്ള പ്രസന്റേഷനും ചർച്ചകളും സജീവമായിരുന്നു.

29/11/2023 ബുധനാഴ്ച രാവിലെ 9:30 മുതൽ സെമിനാർ ആരംഭിച്ചു. കെ.കെ.ടി.എം.മലയാളവിഭാഗം അധ്യാപകനായ ഡോ. മുനീർ എസ് മോഡറേറ്ററായ സെഷനിൽ കെ. കെ. ടി എം. ഗവ. കോളേജ് ഫിസിക്സ് വിഭാഗം അധ്യാപിക ഡോ. ധന്യ എൻ.പി. ഭാഷാപഠനത്തിലും അധ്യാപനത്തിലും നിർമ്മിതബുദ്ധിയുടെ സ്വാധീനം എന്ന വിഷയത്തിൽ പ്രബന്ധാവതരണം നടത്തി. തൃപ്പൂണിത്തുറ ഗവൺമെൻറ് കോളേജ് മലയാളവിഭാഗം അസിസ്റ്റൻറ് പ്രൊഫസർ ഹലീൽ റഹ്മാൻ വി.എം മോഡറേറ്ററായ സെഷൻ ഉച്ചയ്ക്ക് ആരംഭിച്ചു. മലമ്പുഴ SI_MET കോളേജ് ഓഫ് നഴ്സിംഗ് സീനിയർ ലക്ചറർ എസ് .വി . ഷൈൻ ലാൽ പ്രബന്ധം അവതരിപ്പിച്ചു. നിർമ്മിതബുദ്ധി നിർമൃത ബുദ്ധിയോ എന്നതായിരുന്നു വിഷയം. പാലക്കാട് ഗവൺമെൻറ് വിക്ടോറിയ കോളേജ് മലയാളവിഭാഗം അസിസ്റ്റൻറ് പ്രൊഫസർ ഡോ. സുഷമ കുമാരി കെ. എസ്. നിർമ്മിത ബുദ്ധിയും മലയാള നിരൂപണവും എന്ന വിഷയത്തെ ആസ്പദമാക്കി പ്രബന്ധാവതരണം നടത്തി. മൂന്നാം ദിവസം സമാന്തരമായി തെരഞ്ഞെടുക്കപ്പെട്ട ഗവേഷകരുടെ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയുണ്ടായി. ഇരിങ്ങാലക്കുട സെൻറ് ജോസഫ് കോളേജ് മലയാള വിഭാഗം വകുപ്പധ്യക്ഷ ഡോ.ജെൻസി കെ . എ. മോഡറേറ്ററായാണ് പ്രബന്ധാവതരണങ്ങൾ നടന്നത്. തുടർന്ന് വൈകീട്ട് 5 മണിക്ക് സെമിനാർ അവലോകനവും സമാപന സമ്മേളനം ആരംഭിക്കുകയും ചെയ്തു. മലയാളവിഭാഗം

ഗസ്റ്റ് ലെക്ചറർ ഡോ. ശ്യാമ എൻ.ബി. സ്വാഗതം പറയുകയും ഡോ. ജി. ഉഷാകുമാരി അധ്യക്ഷത നിർവഹിക്കുകയും ചെയ്തു. ശേഷം കെ.കെ.ടി.എം. ഗവൺമെൻറ് കോളേജ് പ്രിൻസിപ്പാൾ ബിന്ദു ശർമിള ടി.കെ. ഉദ്ഘാടനം നടത്തുകയും മലയാളവിഭാഗം അസിസ്റ്റൻറ് പ്രൊഫസർ ഡോ. യാക്കോബ് തോമസ് സെമിനാർ അവലോകനം നടത്തുകയും ചെയ്തു. തുടർന്ന് സെമിനാറിൽ പങ്കെടുത്തവരുടെ ഫീഡ്ബാക്ക് അവതരരണം നടന്നു. തുടർന്ന് സെമിനാർ സർട്ടിഫിക്കറ്റ് വിതരണം നടത്തി. തുടർന്ന് സെമിനാർ കോഡിനേറ്റർ ഫൗസിയ പി. എ. നന്ദി പറഞ്ഞു. 5.30 ഓടു കൂടി നിർമ്മിത ബുദ്ധി : ഭാവിയിലേക്കുള്ള നോട്ടങ്ങൾ എന്ന ത്രിദിന ദേശീയ സെമിനാർ അവസാനിക്കുകയും ചെയ്തു.









# മലയാളം അസോസിയേഷൻ ഉദ്ഘാടനം 13.12.2023

മലയാളം അസോസിയേഷൻ ഉദ്ഘാടനം എല്ലാവർഷവും അതത് അസോസിയേഷനുകളുടെ ആരംഭഘട്ടമായി കണക്കാക്കുന്ന അസോസിയേഷൻ ഉദ്ഘാടനം മലയാളം അസോസിയേഷനിൽ ഡിസംബർ പതിമൂന്നാം തീയതി രാവിലെ 10:30 ന് ഗീതാ ഹിരണ്യൻ ഹോളിൽ വച്ച് നടന്നു.സിനിമാപ്രവർത്തകനും നാടകകൃത്തുമായി ശ്രീ.സലീഷ് പത്മിനി പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്തു.രാവിലെ 10:30 ന് ആരംഭിച്ച പരിപാടിയിൽ മലയാളം ഡിപ്പാർട്ട്മെന്റ് മേധാവിയും കോളേജ് വൈസ് പ്രിൻസിപ്പലുമായ ഡോ.ജി. ഉഷാകുമാരി സ്വാഗതം അറിയിച്ചു സംസാരിച്ചു. മലയാളം അസോസിയേഷൻ സെക്രട്ടറിയും മലയാളം രണ്ടാംവർഷ ബിരുദ വിദ്യാർത്ഥിയുമായശ്രീ.കൈലാസ്നാഥ് കെ.എസ് അധ്യക്ഷത വഹിച്ചു സംസാരിച്ചു. മലയാളം അസോസിയേഷൻ നടത്താനിരിക്കുന്ന ഭാവി പരിപാടികൾ കൂടി അതിൽ ഉൾപ്പെട്ടിരുന്നു.

അധ്യക്ഷ പ്രസംഗത്തിനുശേഷം ദൃശ്യകലാപ്രവർത്തകനായ ശ്രീ.സലീഷ് പത്മിനി പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിച്ചു. അദ്ദേഹത്തിന്റെ പ്രവർത്തന മേഖലയിലെ അനുഭവങ്ങളും അദ്ദേഹത്തിന്റെ പുതിയ നാടകത്തിന്റെ വിശേഷങ്ങളും പ്രസംഗത്തിൽ ഉൾപ്പെട്ടിരുന്നു.ഉദ്ഘാടനശേഷം കോളേജ് യൂണിയൻ ചെയർമാനും മലയാളം മൂന്നാം വർഷ വിദ്യാർത്ഥിയുമായ ശ്രീ.വിഷ്ണു ഒ.പി പ്രസ്തുത പരിപാടിക്ക് ആശംസകൾ അറിയിച്ചു. തുടർന്ന് അതുൽ, ഡോണ,ദേവിക, അഞ്ജന,അഞ്ജലി,സ്വാലിഹ, പഞ്ചമി, തുടങ്ങിയ വിദ്യാർത്ഥികളുടെ ഗാനാലാപനവും, കവിതാലാപനവും നടന്നു. വിദ്യാർത്ഥികളുടെ കലാപരിപാടികൾക്ക് ശേഷം പി.ജി വിദ്യാർത്ഥി പ്രതിനിധിയും രണ്ടാം വർഷ ബിരുദാനന്തര ബിരുദ മലയാളം വിദ്യാർത്ഥിയുമായ ശ്രീ.അശ്വന്ത് സന്തോഷ് നന്ദി അറിയിച്ചു സംസാരിച്ചു. തുടർന്ന് പരിപാടി അവസാനിച്ചു.


GPS Map Camera
Thrissur, Kerala, India
66R9+45G, Kombathukadavu-Kodungallur Rd, Kerala 680663, India
Lat 10.239952°
Long 76.217674°
13/12/23 11:57 AM GMT +05:30
Google


GPS Map Camera
Mukundapuram, Kerala, India
66Q7+W3R, Mukundapuram, Kerala 680663, India
Lat 10.239834°
Long 76.212689°
13/12/23 10:54 AM GMT +05:30
Google

# മെറിറ്റ്ഡേ–റിപ്പോർട്ട്
## 9/02/2024

പുല്ലൂറ്റ് കെ.കെ.ടി.എം. ഗവൺമെന്റ് കോളേജ് മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 9/02/2024 നടന്ന മെറിറ്റ് ഡേ യുടെ ഉദ്ഘാടനം എറണാകുളം മഹാരാജാസ് കോളേജ് പ്രിൻസിപ്പൽ ഇൻ ചാർജ് സുജ.  ടി.വി നിർവഹിച്ചു. മലയാള വിഭാഗത്തിന്റെ റാങ്ക് ജേതാക്കളായ കോഴിക്കോട് സർവ്വകലാശാലയിൽ എം.എ മലയാളം രണ്ടാം റാങ്ക് നേടിയ സ്നേഹ എം.പി, മൂന്നാം റാങ്ക് നേടിയ ആതിര.പി.പി, അഞ്ചാം റാങ്ക് നേടിയ സിവ്യ.സി.യു,എന്നിവരെയും യുജിസി നെറ്റ് പാസായ അഞ്ജലി മോഹൻ, ഹീര.ടി. എം, സ്നേഹ.ടി. ബി, ആതിര എം.എസ്, അമൃത. ടി.വി,കൂടാതെ എം. എൻ വിജയൻ പുരസ്കാരം നേടിയ വൈദേഹി സുരേഷ് എന്നിവരെയും അനുമോദിച്ചു. കെ.കെ. ടി.എം.ഗവ.കോളേജ് പ്രിൻസിപ്പൽ ഡോ. ബിന്ദു ശർമിള ടി. കെ യുടെ അധ്യക്ഷതയിൽ നടന്ന പരിപാടിയിൽ മലയാള വിഭാഗം മേധാവിയും വൈസ് പ്രിൻസിപ്പൽ ആയ ഡോ. ജി. ഉഷാകുമാരി യുടെ നേതൃത്വത്തിൽ സ്വാഗതവും ഡോ യാക്കോബ് തോമസ് നന്ദിയും പറഞ്ഞു. അധ്യാപകരും ഗവേഷകരും വിദ്യാർത്ഥികൾ ഉൾപ്പെടെ നിരവധി പേർ പങ്കെടുത്തു.9.30 ന് തുടങ്ങിയ പരിപാടി10.30 ന് അവസാനിച്ചു.







## മാതൃഭാഷാദിനവും മലയാളപ്പച്ച വെബ്സൈറ്റ് ഉദ്ഘാടനവും

### 21.2.2024

കെ.കെ.ടി.എം ഗവ. കോളേജ് മലയാളവിഭാഗം ലോകമാതൃഭാഷാ ദിനവും മലയാളപ്പച്ച വെബ്സൈറ്റ് ഉദ്ഘാടനവും 1975–78 മലയാളം ബാച്ചിൻ്റെ സഹകരണത്തോടെ 2024 ഫെബ്രുവരി 21 ന് ബുധനാഴ്ച രാവിലെ നടന്നു. കെ.കെ.ടി.എം. ഗവ. കോളേജ് മലയാളവിഭാഗം ബിരുദം ആരംഭിച്ചതിൻ്റെ സുവർണ്ണ ജൂബിലി ആഘോഷവും ഇന്നേ ദിവസം നടന്നു. ലോകമാതൃഭാഷാദിനം ഉദ്ഘാടനം ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ സർ ചെയ്തു. മലയാളവിഭാഗത്തിലെ ആദ്യത്തെ വകുപ്പദ്ധ്യക്ഷൻ പ്രൊഫ. കെ ശിവരാമമേനോൻ്റെ ഫോട്ടോ അനാച്ഛാദനം സുവോളജി വിഭാഗം വകുപ്പദ്ധ്യക്ഷൻ ഡോ. ഷാജി ഇ.എം നടത്തി. തുടർന്ന് പൂർവ്വാദ്ധ്യാപകർക്കുള്ള ആദരം നടത്തി. പരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തിയത് പ്രസിദ്ധ സംസ്കൃതാദ്ധ്യാപകനായ പൊഫ. സി.എം. നീലകണ്ഠൻ ആണ്. സംസ്കൃതാധ്യാപകനായ സ്വാമിനാഥൻ പ്രഭാഷണം നടത്തി. ബക്കർ മേത്തല എഡിറ്റു ചെയ്ത കൊടുങ്ങല്ലൂരിൻ്റെ പെണ്ണെഴുത്ത് എന്ന ഗ്രന്ഥത്തിൻ്റെ പ്രകാശനം മലയാളവിഭാഗം വകുപ്പദ്ധ്യക്ഷ ഡോ.ജി.ഉഷാകുമാരി കുസുമം ഗോപാലകൃഷ്ണന് നല്കി പ്രകാശനം ചെയ്തു. പ്രൊഫ. ശിവരാമമേനോനുള്ള സ്മൃതിഗീതം ശ്രീമതി സി.രമാദേവി

അവതരിപ്പിച്ചു. 1975 – 78 ബാച്ചിലെ മലയാളം വിദ്യാർത്ഥികൾ പൂർവ്വ അദ്ധ്യാപകരെ പൊന്നാടയണിച്ച് ആദരിച്ചു. മലയാളവിഭാഗത്തിലെ എം.എൻ വിജയൻ ലൈബ്രറിക്ക് പൂർവ്വ അധ്യാപകരും പൂർവ്വ വിദ്യാർത്ഥികളും പുസ്തകങ്ങൾ സംഭാവന ചെയ്തു. കെ.കെ.ടി.എം. ഗവ. കോളേജ് മലയാളവിഭാഗം യു.ജി.സി. കെയർ ലിസ്റ്റ് റിസർച്ച് ജേർണലായ മലയാളപ്പച്ചയുടെ വെബ്സൈറ്റ് ഉദ്ഘാടനം മനോജ് കരിങ്ങാമഠത്തിൽ നടത്തി. തുടർന്ന് ഒന്നാം വർഷ ബി.എ മലയാളം വിദ്യാർത്ഥി ദേവിക കെ.കെ.യുടെ ഓട്ടൻ തുള്ളൽ നടന്നു. മലയാള വിഭാഗം അധ്യാപകനായ ഡോ.കെ.കെ. മുഹമ്മദ് ബഷീർ പരിപാടിക്ക് നന്ദിയർപ്പിച്ച് സംസാരിച്ചു.









## മുഹമ്മദ് അബ്ദുറഹ്മാൻ സ്മാരക മലയാള ഗവേഷണകേന്ദ്രം കെ.കെ.ടി.എം ഗവണ്മെന്റ് കോളേജ് പുല്ലൂറ്റ് കൊടുങ്ങല്ലൂർ.
## മുഹമ്മദ് അബ്ദുറഹ്മാൻ സ്മാരക പ്രഭാഷണം
## 6/03/2024

06/03/2024 ബുധനാഴ്ച്ച വൈകീട്ട് 7.30 PM ന് കെ.കെ.ടി.എം ഗവ. കോളേജിലെ മലയാളവിഭാഗം ഗവേഷണ കേന്ദ്രത്തിൻ്റെ ആഭിമുഖ്യത്തിൽ മുഹമ്മദ് അബ്ദുറഹ്മാൻ സ്മാരക പ്രഭാഷണം നടന്നു. വൈസ് പ്രിൻസിപ്പാളും മലയാളവിഭാഗം എച്ച്.ഒ.ഡിയുമായ ഡോ. ജി ഉഷാകുമാരി എല്ലാവർക്കും സ്വാഗതം ആശംസിച്ചു. പ്രിൻസിപ്പാൾ ഡോ. ബിന്ദു ശർമിള ടി.കെ യാണ് അദ്ധ്യക്ഷസ്ഥാനം വഹിച്ചത്. പരിപാടിയിൽ അതിഥിയായി എത്തിച്ചേർന്നത് പ്രശസ്ത എഴുത്തുകാരി ഡോ. ഷെറിൻ ബി.എസ്. (writer , Associate professor, Department of comparative Literature, English and foreign Languages University, Hyderabad) ആണ്. ജെൻ്ററും ന്യൂനപക്ഷ രാഷ്ട്രീയവും

എന്നതായിരുന്നു വിഷയം. 


പ്രസ്തുത ഗവേഷണകേന്ദ്രത്തിലെ ഗവേഷണ മാർഗദർശികളും ഗവേഷണ വിദ്യാർത്ഥികളും പങ്കെടുത്ത പരിപാടി കൃത്യം 7.30 PM ന് ഓൺലൈൻ പ്ലാറ്റ്ഫോം ആയ ഗൂഗിൾ മീറ്റിൽ ആരംഭിച്ചു. പ്രഭാഷണത്തിന് മുൻപായിട്ടിത് ബന്ധു എൻ കെ ജോസിന്റെ നിര്യാണത്തിൽ അനുശോചിച്ച് എല്ലാവരും ഒരു നിമിഷം മൗനം ആചരിച്ചു. ശേഷം ഗവേഷകനായ കൃഷ്ണൻ പി സി മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ ജീവചരിത്രക്കുറിപ്പ് അവതരിപ്പിച്ചു.അതിനുശേഷം എഴുത്തുകാരിയായ ഡോക്ടർ ഷെറിൻ ബി എസ് തൻ്റെ പ്രഭാഷണത്തിലേക്ക് കടന്നു.

ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ മുസ്ലിം സ്ത്രീകളുടെ 'സ്ത്രീ' എന്നുള്ള സ്വത്വമല്ല പ്രശ്നമാകുന്നത് മറിച്ച് അവർ മുസ്ലിം വിഭാഗത്തിലെ സ്ത്രീ ആകുന്നതാണ് പ്രശ്നം. അതിനാൽ തന്നെ ലിംഗപദവിയനുസരിച്ച് സമൂഹത്തിൽ അരികുവൽക്കരിക്കപ്പെടുന്ന സ്ത്രീ എന്ന നിലയിലല്ല മുസ്ലിം സ്ത്രീകളെക്കുറിച്ച് അറിയേണ്ടതും പഠിക്കേണ്ടതും, മറിച്ച് ഇന്നത്തെ ഇന്ത്യൻ ദേശീയതയുടെ സങ്കല്പങ്ങൾക്ക് അനുസരിച്ച് അടിച്ചമർത്തപ്പെടുകയും അരികുവൽക്കരിക്കപ്പെടുകയും പൗരത്വം വരെ

നിഷേധിക്കപ്പെടുകയും ചെയ്യുന്ന മുസ്ലിം വിഭാഗത്തിലെ സ്ത്രീ എന്ന നിലയ്ക്കാണ് കൂടുതൽ സൂക്ഷ്മമായി മുസ്ലിം സ്ത്രീയെ അറിയേണ്ടത് .ജെൻഡർ ഐഡന്റിറ്റിയെക്കാളും പൊളിറ്റിക്കൽ ഐഡൻറിറ്റിക്കാണ് കൂടുതൽ പ്രാധാന്യം നൽകേണ്ടത്. മുസ്ലിം സ്ത്രീയെ നവീകരിക്കുക എന്നു പറഞ്ഞുകൊണ്ട് മുസ്ലിം സ്ത്രീകൾ തൻ്റെ മതത്തിനകത്ത് നിരവധി പ്രശ്നങ്ങൾ അനുഭവിക്കുന്നതായി ചൂണ്ടിക്കാണിക്കുന്നതിലൂടെ സാമൂഹിക പൊതുബോധം മുസ്ലിം സമൂഹത്തിനെതിരെയുള്ള അല്ലെങ്കിൽ മുസ്ലിം മതത്തിനെതിരെയുള്ള ഒരു വർഗീയതയാണ് ഉയർത്തിക്കൊണ്ടുവരുന്നത്. പൊതുവേ മുസ്ലിം സ്ത്രീയുടെ നവീകരണം ലക്ഷ്യം വയ്ക്കുന്നത് ആ വിഭാഗത്തിന്റെ തകർച്ച തന്നെയാണ് .മുസ്ലിം മതത്തിനുള്ളിലെ ആചാരങ്ങളിൽ നിന്നുള്ള മോചനമല്ല മുസ്ലിം സ്ത്രീകൾക്ക് ആവശ്യം മറിച്ച് ദേശീയതലത്തിലുള്ള ഒരു ഐഡന്റിറ്റി ആണ്.. ഈ വളർച്ചയിലേക്ക് അവർ ഉയർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. എന്നാണ് പ്രഭാഷണത്തിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ

.


പ്രബന്ധാവതരണത്തിനു ശേഷം ചർച്ച നടന്നു. ഗവേഷണകേന്ദ്രത്തിലെ മാർഗദർശിയും മലയാളം വിഭാഗം മേധാവിയുമായ ഡോ : ജി. ഉഷാകുമാരി എല്ലാവരെയും ചർച്ചയിലേക്ക് സ്വാഗതം ചെയ്തു. മലയാള വിഭാഗത്തിലെ ഗവേഷകരായ അഞ്ജലി മോഹൻ എം ആർ , ഷിബിൻ ബി, ഷീന എസ്, സ്വാലിഹ പി എ , സഫിയ തുടങ്ങിയവർ ചർച്ചയിൽ സജീവമായി പങ്കെടുക്കുകയും ചോദ്യങ്ങൾ ചോദിക്കുകയും പ്രഭാഷകയുടെ ചില ആശയങ്ങളെ പ്രതികൂലിച്ചും അനുകൂലിച്ചും സംസാരിക്കുകയും ചെയ്തു. ഗവേഷകയായ പഞ്ചമി എല്ലാവർക്കും നന്ദി അറിയിച്ചു. 9.30 pm ന് പരിപാടി അവസാനിച്ചു.

## കെ.കെ.ടി.എം ഗവ കോളേജ് പുല്ലൂറ്റ് മലയാളം അസോസിയേഷൻ വിഭാഗം ഫെയർവെൽ

21/03/2024, വ്യാഴം കെ.കെ.ടി.എം ഗവ കോളേജിലെ മലയാളം അസോസിയേഷൻ മൂന്നാം വർഷ വിദ്യാർത്ഥികൾക്കായി യാത്രയയപ്പ് ചടങ്ങ് സംഘടിപ്പിച്ചു. രാവിലെ 10.45 ന് ആരംഭിച്ച ചടങ്ങിൽ മലയാളവിഭാഗം മേധാവി ഡോ. ഉഷാകുമാരി, ഡോ. ഫൗസിയ പി.എ, ഡോ. മുനീർശൂരനാട് എന്നിവർ ആശംസകൾ അറിയിച്ചു സംസാരിച്ചു. തുടർന്ന് മൂന്നാം വർഷ വിദ്യാർത്ഥികൾ അവരുടെ അനുഭവം എല്ലാവരുമായി പങ്കുവച്ചു. രാവിലെ 10.45 ആരംഭിച്ച പരിപാടി വൈകീട്ട് 4.00 മണിയോട്ടുകൂടി അവസാനിച്ചു.





